## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 195 — 08.06.2015-ൽ മറുപടിക്ക്.

### പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചതിന്റെ മാനദണ്ഡങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് ഉദ്ദേശിയ്ക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും, അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നതുമായ പ്രവർത്തികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ആകയാൽ പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നത് തികച്ചും അടിയന്തിരമായ സാഹചര്യങ്ങളിൽ മാത്രമാണ്. |
| (ബി) പോലീസ് സ്റ്റേഷനുകൾ പുതിയതായി അനുവദിച്ചതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കാമോ; | (ബി) കുറ്റകൃത്യങ്ങളുടെ ബാഹുല്യം, ക്രമസമാധാന പ്രശ്നങ്ങൾ, ട്രാഫിക് സംബന്ധമായ പ്രശ്നങ്ങൾ, ജനബാഹുല്യം, ഭൂപ്രകൃതി, തീവ്രവാദ പ്രവർത്തനങ്ങൾ, പോലീസ് സ്റ്റേഷനുകൾ തമ്മിലുള്ള ദൂരം, സർക്കാർ/സർക്കാരിത സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം, രാഷ്ട്രീയ/സാമുദായിക സംഘർഷ സാധ്യതകൾ തുടങ്ങിയവ കണക്കിലെടുത്താണ് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നത്. |
| (സി) ഏതെങ്കിലും തരത്തിലുള്ള പഠനത്തിന്റെ അടിസ്ഥാനത്തിലാണോ മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br><br>(ഡി) പുതിയ പഠനങ്ങൾ നടന്നു കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ നാട്ടിക മണ്ഡലത്തിലെ പെരിങ്ങോട്ടുകരയിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) & (ഡി) സംസ്ഥാനത്ത് പുതിയതായി ആരംഭിയ്ക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ ഒരു മുൻഗണന ലിസ്റ്റ് തയ്യാറാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിനായി നിലവിലെ പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ് പഠനം നടത്തി വരികയാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ച ശേഷം പെരിങ്ങോട്ടുകര ഉൾപ്പെടെയുള്ള പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ